www.prepp.in
Prepp
Your Personal Exams Guide

## SECTION B

**Q5. ഓരോ ചോദ്യത്തിനും 150 വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക.** *10×5=50*

(a) സാമൂഹിക പരിഷ്കരണം മണിപ്രവാളകൃതികളുടെ ലക്ഷ്യമായിരുന്നു എന്നു പറയാമോ ? നിരൂപണബുദ്ധ്യാ നിരീക്ഷിക്കുക. *10*

(b) 'തനി മലയാളകൃതി' എന്നു് വിശേഷിപ്പിക്കപ്പെടാറുള്ള കൃഷ്ണഗാഥയ്ക്കു് അർഹിക്കുന്ന പ്രാധാന്യം ലഭിച്ചെന്നു് തോന്നുന്നുണ്ടോ ? വിശദീകരിക്കുക. *10*

(c) കവിതയെ സാധാരണജനങ്ങളുമായി കൂടുതൽ അടുപ്പിക്കുവാനുള്ള ബോധപൂർവ്വമായ ശ്രമമാണു് വെണ്മണിക്കവികളുടെ രചനകളിൽ കാണുന്നതു്. ശരിയോ ? എന്തുകൊണ്ടു് ? *10*

(d) മലയാളത്തിലെ സ്ത്രീനാടകവേദിയുടെ ചരിത്രം സംഗ്രഹിക്കുക. *10*

(e) മലയാളത്തിൽ ഉപന്യാസശാഖ വേണ്ടത്ര വളർച്ച പ്രാപിച്ചിട്ടില്ല എന്ന വിലയിരുത്തൽ സ്വീകാര്യമോ ? *10*

**Q6. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക.** *20+15+15=50*

(a) "മലയാളകവിതയെ നാടോടിപാരമ്പര്യത്തിൽ നിന്നു് എപ്പിക് പാരമ്പര്യത്തിലേക്കു് പിടിച്ചുയർത്തിയ കവികളാണ് കണ്ണശ്ശന്മാർ." നിരൂപിക്കുക. *20*

(b) ഉണ്ണുനീലിസന്ദേശത്തിന് സന്ദേശകാവ്യം എന്ന പേരു് വെറും 'പേരു്' മാത്രമേ ആകുന്നുള്ളു എന്ന അഭിപ്രായത്തോട് യോജിക്കാൻ കഴിയുമോ ? *15*

(c) കുഞ്ചൻ നമ്പ്യാരുടെ കവിതയ്ക്കു് ഒരു സാർവ്വജനീനതയുണ്ടു്. ഒരേ സമയം തന്നെ അത് പണ്ഡിതന്മാരേയും പാമരന്മാരേയും രസിപ്പിക്കുന്നു; ഒരേ സമയം തന്നെ അതു് ഉദാത്തവും സാധാരണവുമാകുന്നു. ചർച്ച ചെയ്യുക. *15*

Q7. **(a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക.** *20+15+15=50*

(a) കാല്പനികതയിൽ നിന്നു് ആധുനികതയിലേക്കുള്ള മാറ്റത്തെ ത്വരിതപ്പെടുത്തിയ കാവ്യരചനകളാണു് ഇടശ്ശേരി, വൈലോപ്പിള്ളി, പി. കുഞ്ഞിരാമൻ നായർ എന്നിവരുടേതു്. വിലയിരുത്തുക. *20*

(b) ശബ്ദത്തെക്കാൾ അർത്ഥത്തിനും രൂപത്തെക്കാൾ ഭാവത്തിനും പ്രാധാന്യം നൽകി രാജരാജവർമ്മ പ്രസ്ഥാനക്കാർ നടത്തിയ പ്രാസവാദം മലയാളത്തിൽ കാല്പനികതയിലേക്കുള്ള പാത സജ്ജമാക്കിക്കൊടുത്തു. പരിശോധിക്കുക. *15*

(c) വള്ളത്തോളിനെ അനശ്വരനാക്കുന്നതു് അദ്ദേഹത്തിന്റെ കൃതികളിലെ ദേശീയതയോ അതോ അവയിലാവിഷ്കൃതമായ സൗന്ദര്യബോധമോ എന്നു് ചർച്ച ചെയ്യുക. *15*

Q8. **(a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക.** *20+15+15=50*

(a) മലയാളത്തിലെ ആധുനികകഥകളുടെ പ്രധാന അന്തർധാരകളിലൊന്നു് ഇരുണ്ട ഫലിതത്തിന്റേതാണു് എന്ന അഭിപ്രായത്തിന്റെ സാധുത എം.പി. നാരായണപിള്ള, ഒ.വി. വിജയൻ, വി.കെ.എൻ., സക്കറിയ എന്നിവരുടെ കഥകളെ മുൻനിർത്തി പരിശോധിക്കുക. *20*

(b) പാത്രസ്വഭാവം അനാവരണം ചെയ്യാൻ സംഭാഷണശൈലി പരമാവധി പ്രയോജനപ്പെടുത്തിയ ഒരു നോവലിസ്റ്റാണു് സി.വി. രാമൻപിള്ള. മാർത്താണ്ഡവർമ്മ, ധർമ്മരാജാ, രാമരാജാബഹദൂർ എന്നീ കൃതികളെ ആധാരമാക്കി ഈ നിരീക്ഷണം യുക്തിഭദ്രമാണോ എന്നു് വിലയിരുത്തുക. *15*

(c) യുക്തിവിചാരം ചെയ്തു സ്വമതം സ്ഥാപിക്കുന്നതിലും നിരൂപണത്തെ ഒരു കലയായുയർത്തുന്നതിലും അസാധാരണ വിജയം കൈവരിച്ച ഒരു സാഹിത്യകാരനാണു് കുട്ടികൃഷ്ണമാരാർ. നിരൂപിക്കുക. *15*